compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 11
**Tuesday, 11th August 2026**

1201 കർക്കടകം 26
**26th Karkadakam 1201**

1948 ശ്രാവണം 20
**20th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **32**

## Part III

# Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ എസ് മഹേഷ് നാരായണൻ, ഡെപ്യൂട്ടി ഡയറക്ടർ)**

നം. DDPTA/224/2024-C /കെ.ഡിസ് 02-08-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട പുതുക്കട ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 137 (ഡി) ആപ്കോസ് - സമാപ്തീകരണം - 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 16/10/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) റാന്നി ക്ഷീരവികസന ഓഫീസറുടെ 24/06/2026 തീയതിയിലെ DESU PTA0RNY/113/2026-DEO നമ്പർ റിപ്പോർട്ട്.

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്കിൽ പെരുനാട് ഗ്രാമ പഞ്ചായത്തിലെ പഴയ 3,4 വാർഡുകൾ പ്രവർത്തന പരിധിയായി 27/03/2001 തീയതിയിൽ രജിസ്റ്റർ ചെയ്ത് 09/04/2001 തീയതിയിൽ പ്രവർത്തനം ആരംഭിച്ച പുതുക്കട ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 137 (ഡി) ആപ്കോസ് വളരെ വർഷങ്ങളായി പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം റാന്നി ക്ഷീരവികസന ഓഫീസറെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു.

സംഘത്തിന് വിലപിടിപ്പുള്ളതോ വില്പനയിലൂടെ ധനം ആർജ്ജിക്കാവുന്നതോ ആയ വസ്തുക്കൾ ഒന്നും തന്നെയില്ലാത്തതും റിക്കോർഡുകൾ, ആസ്തി ബാധ്യത എന്നിവ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമല്ലാത്തതുമാകുന്നു. സംഘവുമായി ബന്ധപ്പെട്ട് ബാധ്യതകൾ ഉള്ള പക്ഷം ആയത് ബോധിപ്പിക്കുന്നതിനായി നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി നോട്ടീസിന് യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ സി എം പി യു, സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരുവിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും സംഘത്തിന്റെ ആസ്തി ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

പുതുക്കട ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 137 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട **ഡെപ്യൂട്ടി ഡയറക്ടർ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ എസ് മഹേഷ് നാരായണൻ, ഡെപ്യൂട്ടി ഡയറക്ടർ)**

നം. DDPTA/23/2024-C /കെ.ഡിസ് 04-08-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട-നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ 44 (ഡി) - സമാപ്തീകരണം - 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 09/08/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ ബി യൂണിറ്റിന്റെ 27/07/2026 തീയതിയിലെ DESUKNI/23/2024 നമ്പർ റിപ്പോർട്ട്..

പത്തനംതിട്ട ജില്ലയിലെ കോന്നി ബ്ലോക്കിൽ വള്ളിക്കോട് ഗ്രാമ പഞ്ചായത്തിലെ 1, 14, 15 (പഴയത്) വാർഡുകൾ പ്രവർത്തന പരിധിയായി ഉൾപ്പെടുത്തി 09/04/1978 തീയതിയിൽ രജിസ്റ്റർ ചെയ്ത് 27/04/1978 തീയതിയിൽ പ്രവർത്തനം ആരംഭിച്ച സംഘമാണ് നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ 44 (ഡി) വർഷങ്ങളായി പ്രവർത്തനരഹിതമായ ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം കോന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി നടത്തിയ അന്വേഷണത്തിൽ സംഘത്തിന്റെ രജിസ്റ്ററുകൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. എന്നാൽ സംഘം വക അസറ്റുകൾ ലഭ്യമായിട്ടുള്ളതുമാണ്. കേരള സഹകരണ നിയമം ചട്ടം 69 പ്രകാരം ക്ലെയിം നോട്ടീസ് പുറപ്പെടുവിക്കുകയും സംഘത്തിൽ നിന്നും കൊടുക്കുവാനും ലഭിക്കുവാനുമുള്ള ബാധ്യതകൾ സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുന്നതിനായി സമയം അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചിട്ടില്ലാത്തതുമാകുന്നു. സംഘത്തിന് കേരള ബാങ്ക് പത്തനംതിട്ട ശാഖയിലുള്ള അക്കൗണ്ടിൽ ഉണ്ടായിരുന്ന 1,188.64/- രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നരിയാപുരം ശാഖയിൽ ഉണ്ടായിരുന്ന 2,560/- രൂപയും കൈപ്പട്ടൂർ സർവ്വീസ് സഹകരണ ബാങ്കിലുള്ള രണ്ട് അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന 5,611/- രൂപയും സംഘം വക അസറ്റുകൾ പരസ്യ ലേലം ചെയ്ത് കിട്ടിയ 11,300/-രൂപയും ലിക്വിഡേറ്ററുടെ പേരിൽ കേരള ബാങ്ക് പത്തനംതിട്ട ബ്രാഞ്ചിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു.കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ 47,780.62/- രൂപ സംഘത്തിന്റെ പേരിൽ കുടിശ്ശിക ഉണ്ടായിരുന്നതിനാൽ ലിക്വിഡേറ്ററുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിൽ വരവായ തുകയും ആയതിന്റെ പലിശയും ഉൾപ്പെടെ 20,646.28/- രൂപ (ഇരുപതിനായിരത്തി അറുന്നൂറ്റി നാൽപ്പത്തി ആറ് രൂപ ഇരുപത്തിയെട്ട് പൈസ മാത്രം) കേരള ക്ഷീരകർഷക ക്ഷേമനിധി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുള്ളതുമാണ്.

സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ, സി എം പി യു, സർക്കിൾ സഹകരണ യൂണിയൻ, കേരള ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരുവിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉത്തരവ്**

നരിയാപുരം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ക്യൂ 44 (ഡി) 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട **ഡെപ്യൂട്ടി ഡയറക്ടർ**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:23:50 +05:30